നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## 2017-ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

## വിവിധ കോളേജുകളുടെ/കോഴ്സുകളുടെ ഫീസ് നിരക്ക് പ്രസിദ്ധീകരിച്ചു

2017-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കും സർക്കാർ ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സിലേയ്ക്കും പ്രവേശനത്തിനായുള്ള ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **28.06.2017** വൈകുന്നേരം **5** മണി വരെ ലഭ്യമാകുന്നതാണ്.

കേരളാ സെൽഫ് ഫിനാൻസിങ് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ പ്രകാരം അസോസിയേഷനു കീഴിലുള്ള കോളേജുകളിലെ വിവിധ കോഴ്സുകളുടെ വ്യത്യസ്ത ഫീസ് നിരക്ക് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുകയും ആയത് സർക്കാർ ജി.ഒ(ആർ.റ്റി) നം. 1199/2017/ഉ.വി.വ തീയതി 23.06.2017 ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യത്തിനായി മേൽപ്പറഞ്ഞ ഫീസ് നിരക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചിട്ടുള്ള മറ്റ് കോഴ്സുകളുടെ/കോളേജുകളുടെ ഫീസ് നിരക്കും വിദ്യാർത്ഥികളുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം
23.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**